T 7

# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -202 25.04.2017-ൽ മറുപടിക്ക്

## സ്പോർട്സ് ലോട്ടറി അഴിമതി കേസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി) |
| എ) | സ്പോർട്സ് ലോട്ടറി അഴിമതികേസിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് റ്റി. പി. ദാസനെ പ്രതിയാക്കി വിജിലൻസ് കേസെടുക്കുകയുണ്ടായോ; അദ്ദേഹത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്യുവാൻ വിജിലൻസ് കണ്ടെത്തിയ കുറ്റങ്ങൾ എന്തെല്ലാമാണ്; | എ) | കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. റ്റി. പി. ദാസൻ, മുൻ സെക്രട്ടറി ശ്രീ. ജി. ജെ. ടെഗ്ഗി ഐ. എഫ്. എസ് എന്നിവരെ ഒന്നും രണ്ടും പ്രതികളാക്കി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്പോർട്സ് ലോട്ടറിയുടെ വിതരണവുമായി ബന്ധപ്പെട്ടാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| ബി) | സ്പോർട്സ് ലോട്ടറി വില്പനയിലൂടെ എത്ര കോടി രൂപ സമാഹരിച്ചു; അതിൽ എത്ര കോടിരൂപ സ്പോർട്സ് വികസനത്തിന് ഇതിനകം വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ? | ബി) | സ്പോർട്സ് ബമ്പർ ലോട്ടറി വില്പനയിലൂടെ ആകെ 29,44,79,800/- രൂപ സമാഹരിച്ചിട്ടുണ്ട്. ടി തുകയിൽ നിന്ന് 20% ഡിസ്കൗണ്ട് നിരക്കും, ചെലവുകളും കഴിച്ച് 9,35,12,453/- രൂപ അറ്റാദായമായി ലഭിക്കുകയുണ്ടായി. പ്രസ്തുത തുക സ്പോർട്സിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും, കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും സ്പോർട്സ് ഹോസ്റ്റലുകളുടെ നടത്തിപ്പിനും, അസോസിയേഷനുകൾക്ക് ഗ്രാന്റ് നൽകുന്നതിനുമായി വിനിയോഗിച്ചു. |

സെക്ഷൻ ഓഫീസർ